# കേരള കാർഷിക സർവ്വകലാശാല

## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്

## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in


## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ

## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 48/2021 (വെള്ളിയാഴ്ച)** **തീയ്യതി: 18.06.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 19.06.2021 | 20.06.2021 | 21.06.2021 | 22.06.2021 | 23.06.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 10 | 8 | 8 | 10 | 8 |
| ഉയർന്ന താപനില (ºC) | 29 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (ºC) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 12 | 12 | 10 | 10 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 250 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 6 | 8 | 8 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യത. കൂടിയ താപനില 30ºC വരെയും കുറഞ്ഞ താപനില 24ºC വരെയും പ്രതീക്ഷിക്കുന്നു

**പൊതു നിർദ്ദേശങ്ങൾ**: വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർ വാർച്ച സൗകര്യം ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അംമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർക്കുക.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **തെങ്ങ്** | കൂമ്പുചീയൽ | മഴക്കാലത്തു തെങ്ങിൽ കൂമ്പുചീയൽ രോഗം വരാൻ സാധ്യതയുള്ളതിനാൽ ട്രൈക്കോഡെർമ വേപ്പിൻ പിണ്ണാക്ക്കേക്ക് 3 എണ്ണം വീതം കൂമ്പോലക്കയ്ക്ചുറ്റുമുള്ള ഇലക്കവിളുകളിൽ വച്ച്കൊടുക്കുക. അല്ലെങ്കിൽ 3 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| **കുരുമുളക്** | ദ്രുതവാട്ടം | കുരുമുളകിൽ ദ്രുതവാട്ടരോഗത്തിനുള്ള സാധ്യത യുള്ളതിനാൽ ചാണകവും വേപ്പിൻ പിണ്ണാക്കും ഇളക്കി ചേർത്ത് ട്രൈക്കോഡെർമ വളർത്തിയെടുത്ത മിശ്രിതം ഒരു മൂടിന് 5 കി. ഗ്രാം എന്ന തോതിൽ ഇട്ടുകൊടുക്കുക. |

| | | |
|---|---|---|
| ഇഞ്ചി | **ചീയൽ** | ഇഞ്ചിയുടെ തണ്ടിൽ ,മണ്ണിനോട് ചേർന്ന ഭാഗത്തു വെള്ളത്തിൽ കുതിർന്നതുപോലെയുള്ള ലക്ഷണം കാണാം. ആ ഭാഗം പിന്നീട് ചീഞ്ഞു പോവുകയും ഇതിന്റെ ഫലമായി ഇഞ്ചിയുടെ ചിനപ്പുകൾ ചിനപ്പുകൾ ചീഞ്ഞു പോകുന്നു. രോഗബാധ കൂടുതലായും കണ്ടുവരുന്ന സ്ഥലങ്ങളിൽ കോപ്പർ ഓക്സി ക്ലോറൈഡ് 50 WP (2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ) അല്ലെങ്കിൽ കോപ്പർ ഹൈഡ്രോക്സൈഡ് 50 WP (1 .5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ) അല്ലെങ്കിൽ ബോർഡോ മിശ്രിതം (ഒരു ശതമാനം വീര്യം )മെയ് -ജൂൺ മാസങ്ങളിലും ഓഗസ്റ് - സെപ്റ്റംബർ മാസങ്ങളിലും തളിക്കണം .മഴക്കാലം നീണ്ടു നിന്നാൽ ഒക്ടോബര് - നവംബർ മാസങ്ങളിൽ ഒരു തവണകൂടി തളിക്കണം. |